**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2349** **21-01-2021 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് .പി .,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതി സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. 21.10.2020 ലെ സ.ഉ (സാധാ) നം. 6065/2020/ ധന ഉത്തരവ് മുഖേന സമിതിയുടെ കാലാവധി 30.04.2021 വരെയോ, സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ള ജോലി പൂർത്തീകരിക്കുന്നതുവരെയോ ഏതാണോ ആദ്യം, അതുവരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | സമിതിയുടെ പ്രവർത്തനത്തിനായി ഇതിനകം എന്തു തുക ചെലവഴിച്ചു എന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ? | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പ്രവർത്തനത്തിനായി ഇതേവരെ 55,89,729/- (അൻപത്തി അഞ്ച് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തൊൻപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിവരങ്ങൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. ഇനം തുക ഓണറേറിയം - ചെയർമാൻ & അംഗങ്ങൾ :- 36,82,500 വാഹന വാടക :- 11,55,373 വേതനം - ഓഫീസ് അറ്റന്റന്റ് :- 1,20,010 വേതനം - കുടുംബശ്രീ - പി.ടി.എസ് :- 74,560 വാടക – ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് :- 5,08,725 പലവക / ഓഫീസ് ചെലവുകൾ :- 48,561 ആകെ :- 55,89,729 |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (സാധാ)നം.6065/2020/ധന. തിരുവനന്തപുരം, തീയതി, 21/10/2020**

================================================================

പരാമർശം:- 1) സ.ഉ (അ) നം. 172/2018/ധന. തീയതി, 07.11.2018
2) സ.ഉ (അ) നം. 56/2019/ധന. തീയതി, 06.05.2019
3) സ.ഉ (അ) നം. 147/2019/ധന. തീയതി, 01.11.2019
4) സ.ഉ (സാധാ) നം.2790/2020/ധന. തീയതി, 16.04.2020
5) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി സെക്രട്ടറിയുടെ 16.10.2020-ലെ നം.7357/CPRC2/2020/Fin നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃ പരിശോധിക്കുന്നതിനായി ശ്രീ.എസ്.സതീഷ് ചന്ദ്രബാബു (ജില്ലാ ജഡ്ജി,റിട്ട.) ചെയർമാനും ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.), പ്രൊഫ.ഡി.നാരായണ (ഡയറക്ടർ, ജി.ഐ.എഫ്.റ്റി) എന്നിവർ അംഗങ്ങളുമായി 6 മാസക്കാലയളവിലേയ്ക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സമിതിയുടെ പ്രവർത്തനകാലാവധി 6 മാസം വീതം ദീർഘിപ്പിച്ചു നല്കിക്കൊണ്ട് സൂചന (2), (3), (4) ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. സൂചന (4) ഉത്തരവ് പ്രകാരം 31.10.2020 വരെയാണ് സമിതിയ്ക്ക് പ്രവർത്തനാനുമതി നല്കിയിട്ടുള്ളത്. എന്നാൽ നിലവിൽ കാലാവധി അവസാനിക്കുന്ന 2020-ഒക്ടോബർ 31 ന് മുൻപായി സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 6 മാസത്തേയ്ക്ക് കൂടിയോ അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ പ്രവർത്തന കാലാവധി ദീർഘിപ്പിച്ചു നല്കണമെന്നാവശ്യപ്പെട്ടു കൊണ്ട് സമിതി സെക്രട്ടറി സൂചന (5) പ്രകാരം സർക്കാരിലേയ്ക്ക് കത്ത് നല്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ പ്രവർത്തന കാലാവധി പരമാവധി 01.11.2020 മുതൽ 30.04.2021 വരെ 6 മാസത്തേയ്ക്ക് കൂടിയോ, അല്ലെങ്കിൽ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്ന ജോലികൾ പൂർത്തിയാകുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**റ്റിങ്കി.എസ്.നെൽസൺ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.), ചെയർമാൻ
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ്(റിട്ട.), മെമ്പർ
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, മെമ്പർ
4. അക്കൗണ്ടൻറ് ജനറൽ (എ & ഇ) തിരുവനന്തപുരം.
5. അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്–II) തിരുവനന്തപുരം.
6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. ധനകാര്യ (എൻ.പി.എസ്–സെൽ) വകുപ്പ്
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. നോഡൽ ഓഫീസർ, www.finance.kerala.gov.in
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**